FRIDAY 15/08/2025 വെള്ളിയാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/08/2025

1. നാളികേര വികസന ബോർഡ് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നാളികേര മേഖലയിലെ തൊഴിലാളികൾക്കായി പരിഷ്കരിച്ച 'കേര സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്ക് ഇന്ന് (ആഗസ്റ്റ് 15ന്) തുടക്കമാകും. പദ്ധതി പ്രകാരം, ഗുണഭോക്താവ് അടക്കേണ്ട വാർഷിക വിഹിതം 239 രൂപയിൽ നിന്ന് 143 രൂപയായി കുറച്ചു. ബോർഡ് സബ്സിഡിയായി നല്കുന്ന 85 ശതമാനം കിഴിച്ച് ബാക്കി 15 ശതമാനം മാത്രമേ അപേക്ഷകൻ അടക്കേണ്ടതുള്ളൂ. ഈ തുക ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ഓൺലൈൻ വഴിയോ അടയ്ക്കാവുന്നതാണ്. നേരത്തെ തെങ്ങുകയറ്റ തൊഴിലാളികൾ, നീര ടെക്നീഷ്യൻമാർ, കൃത്രിമ പരാഗണ ജോലികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ എന്നിവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്ന പദ്ധതി, ഇപ്പോൾ നാളികേര തോട്ടങ്ങളിലും നാളികേര സംസ്കരണ ശാലകളിലും തേങ്ങ പൊതിക്കുക, പൊട്ടിക്കുക തുടങ്ങിയ ജോലികൾ ചെയ്യുന്ന തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചിരിക്കുകയാണ്. പദ്ധതിയിൽ അംഗമാകാൻ അപേക്ഷിക്കുന്നവർ 18 നും 65 നും ഇടയിൽ പ്രായമുള്ളവരും നിർദ്ദിഷ്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുമായിരിക്കണം. ജീവഹാനിയോ സ്ഥിരമായ അംഗ വൈകല്യമോ സംഭവിച്ചാൽ 7 ലക്ഷം രൂപയും, ഭാഗിക അംഗ വൈകല്യത്തിന് 3.5 ലക്ഷം രൂപയും, അപകടവുമായി ബന്ധപ്പെട്ട ചികിത്സാ ചെലവുകൾക്ക് 2

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലക്ഷം രൂപ വരെയും നല്കുന്ന അപകട ഇൻഷുറൻസ് പരിരക്ഷയാണ് പദ്ധതി. അപകടം സംഭവിച്ചാൽ ആവശ്യമായ വിശ്രമ കാലയളവിലേക്ക് (പരമാവധി ആറ് ആഴ്ച) 3,500 രൂപ വരെയുള്ള നഷ്ടപരിഹാരവും ഗുണഭോക്താവിനു ലഭിക്കും. ഫോൺ- 0484-2377266, ബോർഡിൻ്റെ വെബ്സൈറ്റ് www.coconutboard.gov.in

2. ക്ഷീരവികസന വകുപ്പിൻറേയും അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൻ്റേയും ആഭിമുഖ്യത്തിൽ, വിവിധ ഗ്രാമപഞ്ചായത്തുകൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, ആത്മ, സർവീസ് സഹ.ബാങ്കുകൾ, മിൽമ, കേരളാ ഫീഡ്സ്, എന്നിവരുടെ സഹകരണത്തിൽ അഞ്ചൽ ബ്ലോക്ക് ക്ഷീരകർഷക സംഗമം വിവിധ പരിപാടികളോടെ കണ്ണങ്കോട് ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ ഇന്നും നാളെയുമായി (2025 ആഗസ്റ്റ് മാസം 15, 16 തീയതികളിൽ) കണ്ണങ്കോട് എം.റ്റി.യു.പി.എസിൽ വച്ച് സംഘടിപ്പിക്കുന്നു. പുനലൂർ എം.എൽ.എ. പി.എസ്. സുപാൽ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ക്ഷീരവികസന- മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം നിർവഹിക്കുന്നു. എം.പി. എൻ.കെ. പ്രേമചന്ദ്രൻ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഓമനമുരളി, കശുവണ്ടി വികസന കോർപറേഷൻ ചെയർമാൻ എസ്. ജയമോഹൻ, അലയമൺ ഗ്രാമപഞ്ചായത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രസിഡൻറ് ജയശ്രീ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗപ്രമുഖർ. ക്ഷീരസഹകാരികൾ, മറ്റ് പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കുന്നു.

3. മണ്ണുത്തി കേരള കാർഷിക സർവ്വകലാശാലക്കു കീഴിലുള്ള കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിലെ വിവിധ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ഓഗസ്റ്റ് 18 മുതൽ 23 വരെ 10:30– 4 മണി വരെ കാർഷിക സർവ്വകലാശാല, വെള്ളാനിക്കരയിലെ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ വെച്ച് നടത്തുന്നു. ഡിഗ്രി കോഴ്സുകളായ ബി. എസ്. സി– എം. എസ്. സി (ഇന്റഗ്രേറ്റഡ് ) ബയോളജി, മൈക്രോബയോളജി, പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകളായ കാലാവസ്ഥ ശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, സമുദ്ര – അന്തരീക്ഷ ശാസ്ത്രം തുടങ്ങിയ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നു. വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാത്തവർക്കും പ്രവേശനം നേടാനാകും. അസ്സൽ സർട്ടിഫിക്കറ്റുകളുമായി വിദ്യാർത്ഥികൾ നേരിട്ട് അഡ്മിഷൻ എടുക്കാൻ എത്തണമെന്ന് അറിയിക്കുന്നു. വിളിക്കാവുന്ന നമ്പർ: 8848296719, 9400824393. കൂടുതൽ വിവരങ്ങൾക്കായി സന്ദർശിക്കുക. https://www.kau.in/academic-notifications/32251

**പരിശീലന പരിപാടി**

1. വിളപ്പിൽ ഗ്രാമപഞ്ചായത്ത് കൃഷിഭവനിൽ തെങ്ങ് കൃഷി പ്രശ്നങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ 17/08/2025 ഞായർ, രാവിലെ 9.30 മുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിളപ്പിൽശാല, കാരോട്, ക്ഷീരസംഘം ഹാളിൽ വച്ച്, പരിശീലനം സംഘടിപ്പിക്കുന്നു. ക്ലാസ് നയിക്കുന്നത്, കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ശാസ്ത്രജ്ഞനായ ഡോ.ജോസഫ് രാജ്കുമാർ. എല്ലാ കൃഷിക്കാർക്കും പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക്-0471 2286022.

2. സി പി സി ആർ ഐ കായംകുളം പ്രാദേശിക കേന്ദ്രത്തിൽ നിന്നും ചിങ്ങം ഒന്നിനോട് (കർഷകദിനം) അനുബന്ധിച്ച് ഓഗസ്റ്റ് 18 ആം തിയതി മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മുതൽ 4 മണി വരെ തെങ്ങിൻ തൈ വിതരണം ഉണ്ടായിരിക്കുന്നതാണ്. കുറിയ ഇനങ്ങൾ കല്പശ്രീ, ചാവക്കാട് ഓറഞ്ച് 230 രൂപക്കും നാടൻ ഇനം പശ്ചിമ തീര നെടിയ 140 രൂപക്കും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 8547465733, 0479 -2442160

3. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ആഗസ്റ്റ് 18 മുതൽ 22 വരെ തീയതികളിൽ "ശാസ്ത്രീയ പശു പരിപാലനം " എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2025 ആഗസ്റ്റ് 18 രാവിലെ 10 മണിക്ക് കോട്ടയം (Manorama Junction ന് സമീപം) ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, ദിനബത്ത,അർഹമായ യാത്രാബത്ത എന്നിവ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481-2302223, 9446533317.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പ്രകൃതി കൃഷി" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 20ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് **9400483754** എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം